ഉത്തരം

(എ & ബി) പ്രസ്തുത പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഒന്നും പൂർത്തിയായിട്ടില്ല.

മീത്തലെ-ചമ്പാടുമുതൽ മാക്കുനി വരെയുള്ള റോഡ് പുനരുദ്ധാരണം

73 (4353) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിങ്ങളം മണ്ഡലത്തിലെ മീത്തലെ ചമ്പാട് മുതൽ മാക്കുനി വരെയുള്ള റോഡ് പുനരുദ്ധരിക്കുന്നതിനുള്ള പണികൾക്കുവേണ്ടി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 2003-2004-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കുവേണ്ടി സമർപ്പിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2003-2004-ലെ ബഡ്ജറ്റിൽ അനുബന്ധം 2-ൽ ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത മരാമത്തുപണികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രസ്തുത റോഡിന്റെ പണി തുടങ്ങുന്നതിനാവശ്യമായ ഭരണാനുമതി ഈ സാമ്പത്തികവർഷം തന്നെ ലഭ്യമാക്കാൻ വേണ്ടി പരാതികൾ സമർപ്പിച്ചിട്ടുള്ളവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) പരാതിയിൽ ആവശ്യപ്പെട്ട റോഡിന്റെ പണി തുടങ്ങുന്നതിനാവശ്യമായ ഭരണാനുമതി ഈ സാമ്പത്തികവർഷം തന്നെ നൽകുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ സർക്കാരിന് പരാതിയൊന്നും ലഭിച്ചിട്ടില്ല.

(സി) ഫണ്ട് ലഭ്യതയനുസരിച്ച് മാത്രമേ ഭരണാനുമതി ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

കേശവദാസപുരം-മണ്ണന്തല റോഡിന്റെ പുനരുദ്ധാരണം

74 (4354) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. സി. റോഡിൽ കേശവദാസപുരം മുതൽ മണ്ണന്തലവരെയുള്ള റോഡ് വീതി കൂട്ടി പുനരുദ്ധാരണം നടത്തുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ; ഇതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ : എങ്കിൽ എന്താണ് ;

(സി) കാലവർഷാരംഭത്തിനുശേഷം കേശവദാസപുരം-മണ്ണന്തല റോഡ് തകർന്ന് ഗതാഗതത്തിന് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ അവസ്ഥ അടിയന്തരമായി പരിഹരിച്ച് യാത്രക്കാരെ ബുദ്ധിമുട്ടിൽ നിന്നും രക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദശിക്കുന്നത് എന്ന് വ്യക്ത മാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി - ഡി) ഒന്നും രണ്ടും ഘട്ടങ്ങളിലെ പണികൾ നടന്നുവരുന്നു. മൂന്നും നാലും അഞ്ചും ഘട്ടങ്ങളിലെ സ്ഥലമെടുപ്പിനുള്ള പ്രാരംഭ നടപടികൾ സ്വീക രിച്ചു വരുന്നു. ഈ റോഡ് ഉൾപ്പെടെ സംസ്ഥാനത്തെ റോഡുകളിൽ ഉണ്ടാകുന്ന അറ്റുകുറ്റപ്പണികൾ യഥാസമയം ചെയ്യുന്നതിനുള്ള നടപടികൾ സ്വീക രിച്ചിട്ടുണ്ട്.

കുണ്ടറ-പി.കെ.പി. കവല റോഡ് പുനരുദ്ധാരണം

75(4355) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുണ്ടറ പെട്രോൾ ബങ്ക്-പി.കെ.പി. കവല റോഡിന്റെ ഇരുവശങ്ങളുടെയും പുനരുദ്ധാരണ പ്രവർത്തനം നടത്താൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

കരിക്കോട്-മോറിൻമുക്ക് റോഡിന്റെ പുനരുദ്ധാരണം

78 (4356) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം-കരിക്കോട്-മേക്കോൺ-മാമ്പുഴവഴി മോറിൻമുക്ക് റോഡിന്റെ പുനരുദ്ധാരണത്തിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

ഈ റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതല്ല.

പുതുക്കിപ്പണിയേണ്ട പാലങ്ങൾ

77 (4357) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുക്കിപ്പണിയേണ്ട എത്ര പാലങ്ങളുണ്ടെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly